LIBRARY ARCHIVES Kerala Legislative Assembly

വളാഞ്ചേരി ഫയർ സ്റ്റേഷൻ

88(96) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീസർവ്വേ 34/4 എ-യിൽ ഉൾപ്പെട്ട 17 ആർ (42 സെന്റ്) റവന്യൂ പുറമ്പോക്ക് ഭൂമി 9-5-2017-ലെ ജി.ഒ.(എം.എസ്.)നമ്പർ 148/2017/റവ നമ്പർ പ്രകാരം അഗ്നിരക്ഷാ വകുപ്പിന് അനുവദിക്കുകയും ആയത് തിരൂർ തഹസിൽദാരുടെ 22-11-2017-ലെ 1448/2017 നമ്പർ നടപടിക്രമം പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫയർ സ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നൽകിയിട്ടില്ല.

(സി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ച തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

അടിയന്തര പരിഗണനയിലില്ല.

ചീമേനി തുറന്ന ജയിൽ

89 (97) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ ചീമേനി തുറന്ന ജയിലിൽ എന്തെല്ലാം പരിഷ്കാരങ്ങളും നവീകരണ പ്രവൃത്തികളുമാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.